# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 18 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

# വിദേശ കാണിക്ക ഏറെയും  മലേഷ്യയിൽ നിന്ന്

അയ്യപ്പന് വിദേശത്ത് നിന്നെത്തുന്ന കാണിക്കയിൽ ഏറ്റവുമധികം സിങ്കപ്പൂരിൽ നിന്ന്. ശ്രീലങ്കൻ രൂപയും തൊട്ടടുത്തു തന്നെയുണ്ട്. എന്നാൽ മൂല്യത്തിൽ മലേഷ്യൻ റിങ്കിറ്റ് തന്നെയാണ് ഏറെ മുന്നിൽ. ഒരു റിങ്കിറ്റിന് 17 രൂപവരെ മൂല്യം വരുമ്പോൾ ശ്രീലങ്കൻ രൂപയ്ക്ക് അൻപത് പൈസപോലും വിലയുണ്ടാകാറില്ല. ഒന്നര കോടിയിൽ അധികം രൂപയുടെ റിങ്കിറ്റാണ് മണ്ഡല-മകരവിളക്ക് കാലത്ത് കാണിക്കയായി ലഭിക്കാറ്. സിങ്കപ്പൂർ, യു എസ് ഡോളറുകളും ഒട്ടും കുറവല്ല. ഗൾഫ് രാജ്യങ്ങളിൽ നിന്നും ഏറ്റവും അധികം നോട്ടുകൾ എത്തുന്നത് യു എ ഇയുടേതാണ്.

പോളണ്ടിനെക്കുറിച്ച് ഒരക്ഷരം പറയാതെ പോകുന്നത് ശരിയല്ല. ഇത്തവണ പോളണ്ടിലെ ഏതാനും നോട്ടുകളും  ലഭിച്ചിട്ടുണ്ട്. മലയാളിക്ക് അത്രയേറെ പരിചിതമല്ലാത്ത രാജ്യങ്ങളിലെ നോട്ടുകൾപോലും കാണിക്കയായി ലഭിച്ചിട്ടുണ്ട്. മാലാവി എന്ന രാജ്യത്തെ ക്യാച്ച, ഘാനയിലെ സെഡിസ്, ജോർജിയയിലെ ലാറി തുടങ്ങിയവ ഇത്തവണത്തെ അതിഥികളാണ്. കൂടാതെ സൗത്ത് ആഫ്രിക്കയിലെ റാന്റ്, ഈജിപ്റ്റിലെ പൗണ്ട്, മ്യാൻമാറിലെ ക്യാറ്റ്, ഭൂട്ടാനിലെ ങൽത്രം, വിയറ്റ്നാമിലെ ഡോങ്, കൊറിയയിലെ വോൺ എന്നിവയും ഈ സീസണിൽ അയ്യപ്പന് കാണിക്കയായി.

മലേഷ്യയിൽ നിന്നെത്തുന്ന ഭക്തരിൽ അധികവും തമിഴ്നാട്ടുകാരാണ്. ഒരു വർഷക്കാലം വഞ്ചിയിലിട്ട് വയ്ക്കുന്ന രൂപയെല്ലാം അവർ നേരിട്ടെത്തി അയ്യപ്പന് സമർപ്പിക്കുകയാണ് പതിവ്. നോട്ടുകൾ മിക്കതും മഞ്ഞളും ഭസ്മവും പുരണ്ടാണ് കാണപ്പെടാറ്. ഇത്തരത്തിൽ കാണുന്ന നോട്ടുകൾ പലതും ഉപയോഗ യോഗ്യമായിരിക്കില്ല. ചിലപ്പോൾ ആ രാജ്യത്ത് നിരോധിക്കപ്പെട്ട നോട്ടുകൾ പോലും കാണിക്കയായി ലഭിക്കാറുണ്ട്. ഭക്തർ അവരുടെ ആവശ്യങ്ങൾ എഴുതിയും നോട്ടുകളെ ഉപോയഗ ശൂന്യമാക്കാറുണ്ട്. സീസണിൽ ലഭിക്കുന്ന വിദേശ കറൻസികളിൽ 10 ശതമാനത്തോളം രൂപ കീറിയതോ ഉപയോഗിക്കാൻ കഴിയാത്തതോ ആണ്.

ഭണ്ഡാരത്തിൽ നിന്നും ശേഖരിക്കുന്ന വിദേശ നോട്ടുകൾ ധനലക്ഷ്മി ബാങ്ക് മാനേജർ വിജിലൻസ് ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ എണ്ണിതിട്ടപ്പെടുത്തി ഏറ്റുവാങ്ങും. ഇത് എറണാകുളത്തെ നാല് എക്സ്ചേഞ്ച് ഹൗസുകളിലെ ഓപ്പൺ ടെണ്ടർ മുഖേന ഏറ്റവും ഉയർന്ന തുകയ്ക്ക് കൈമാറുമെന്ന് ധനലക്ഷ്മി ബാങ്ക് മാനേജർ പ്രവീൺ പറഞ്ഞു. എന്നാൽ വിദേശത്ത് നിന്നും കാണിക്കയായി ലഭിക്കുന്ന നാണയങ്ങൾ ഇത്തരത്തിൽ ഇന്ത്യൻ രൂപയാക്കി മാറ്റാൻ യാതൊരു മാർഗവുമില്ലെന്ന് അസിസ്റ്റന്റ് മാനേജർ രാകേഷ് പറഞ്ഞു.

**(പി.ആർ. ശബരി-374)**

# സുരക്ഷയുടെ പാതയൊരുക്കി സേഫ് സോൺ: പൂർത്തിയാക്കിയത് 4.25 ലക്ഷം കി മി പെട്രോളിങ്

സന്നിധാനത്തേക്ക് സുരക്ഷയുടെ പാതയൊരുക്കി സേഫ് സോൺ. 4,25,000 കിലോമീറ്റർ പ്രദേശത്ത് പെട്രോളിങ് പൂർത്തീകരിച്ച് വാഹനാപകടങ്ങൾ കുറച്ചു. സീസണിൽ ഒരു വാഹനാപകട മരണം പോലും ഉണ്ടായില്ല എന്നത് ശ്രദ്ധേയമാണ്. ഈ സീസണിൽ ആകെ 215 ചെറിയ വാഹനാപകടങ്ങൾ മാത്രമാണ് ഉണ്ടായത്. 194 പേർക്കു നിസ്സാരപരിക്കുപറ്റി.

പദ്ധതിയുടെ ഭാഗമായി 18 സ്ക്വാഡുകൾ 24 മണിക്കൂറും പെട്രോളിങ് നടത്തി. ഇലവുങ്കൽ കേന്ദ്രീകരിച്ച് എട്ട്, എരുമേലിയിൽ നാല്, കുട്ടിക്കാനത്ത് ആറ് വീതമായിരുന്നു സ്ക്വാഡുകൾ. മേൽനോട്ടത്തിനായി അഞ്ച് സൂപ്പർ വൈസിങ് സ്ക്വാഡുകളും പുറമേ ഉണ്ടായിരുന്നു. ഇതിനോടകം 9236 ബ്രേക്ക് ഡൗൺ കേസുകൾ പരിഹരിക്കാൻ സാധിച്ചു. വാഹനത്തിന്റെ കേട്പാടുകൾ സ്ഥലത്തെത്തി പരിഹരിച്ചു നൽകാൻ പ്രത്യേക പരിശീലനം നേടിയ മെക്കാനിക്കുകളും അത്യാധുനിക ഉപകരണങ്ങളും ഉണ്ടായിരുന്നു.

നിലയ്ക്കൽ പാർക്കിങ് ഗ്രൗണ്ടിൽ ആറു ഭാഷകളിൽ അയ്യപ്പൻമാർക്ക് പ്രത്യേക നിർദേശങ്ങളും നൽകി. കൂടാതെ വാഹനങ്ങൾക്ക് ഹെൽത്ത് ചെക്കപ്പ് സംവിധാനവും ഒരുക്കിയിരുന്നു. 4000 വാഹനങ്ങൾ പരിശോധിച്ച് മൈനർ റിപ്പയറിങ് നടത്തുകയും ചെയ്തു.

ഡ്രൈവർമാർ ഉറങ്ങിപ്പോകാതിരിക്കാൻ മൈക്രോഫോണിലൂടെ അനൗൺസ്മെന്റുകൾ നടത്തി. റോഡിലെ തകരാറുകൾ അപ്പപ്പോൾ തന്നെ പി ഡബ്ല്യു ഡിയെ അറിയിച്ചു പരിഹരിച്ചു.

ആറ് ഭാഷകളിൽ തയ്യാറാക്കിയ അറിയിപ്പുകൾ വിവിധ സംസ്ഥാനങ്ങളിൽ മുൻകൂട്ടി എത്തിച്ചു നൽകി. ചെക് പോസ്റ്റുകളും പ്രധാന കേന്ദ്രങ്ങളും കേന്ദ്രീകരിച്ചായിരുന്നു അറിയിപ്പുകൾ നൽകിയിരുന്നത്. ഗുജറാത്ത് തുടങ്ങി തെക്കോട്ടുള്ള സംസ്ഥാനങ്ങളിലെ ട്രാൻസ്പോർട് കമ്മീഷണർമാർക്ക് അറിയിപ്പുകൾ നേരത്തേ എത്തിച്ചു കൊടുത്തു. ശബരിമല പാതയുടെ പ്രത്യേകതകൾ, അയ്യപ്പൻമാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ സംബന്ധിച്ചായിരുന്നു അറിയിപ്പ്. ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി 450 കിലോമീറ്റർ പരിധിയിലായിരുന്നു സേഫ് സോൺ സ്ക്വാഡുകളുടെ പരിശോധന. മകരവിളക്കിന് 75 ഓളം സ്ക്വാഡുകൾ പ്രവർത്തിച്ചുവെന്ന് സേഫ് സോൺ സ്പെഷ്യൽ ഓഫീസർ പി ഡി സുനിൽ ബാബു പറഞ്ഞു.

**(പി.ആർ. ശബരി-375)**

# ഐതിഹ്യവിശുദ്ധിയുടെ നിറവിൽ പടിപൂജ

ആചാരങ്ങളുടേയും ഐതീഹ്യങ്ങളുടേയും വ്യത്യസ്ഥതകൊണ്ട് എന്നും ശ്രദ്ധേയമായ ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ പടിപൂജ തുടങ്ങി. ജനുവരി 16ന് ആരംഭിച്ച പടിപൂജ 20വരെ ഉണ്ടാകും. തന്ത്രി കണ്ഠരര് മഹേഷ് മോഹനരുടേയും മേൽശാന്തി അരീക്കര സുധീർ നമ്പൂതിരിയുടേയും കാർമികത്വത്തിലാണ് പടിപൂജ നടക്കുന്നത്.

പതിനെട്ടാംപടിയിൽ നടത്തുന്ന പടിപൂജയ്ക്ക് സവിശേഷതകൾ ഏറെയാണ്. ശബരിമല ക്ഷേത്രത്തിരുമുറ്റത്തെ പടികൾക്കുള്ള മഹാത്മ്യം മറ്റൊരു ക്ഷേത്രത്തിലും കല്പ്പിച്ച് കാണുന്നില്ല. പൂങ്കാവനത്തിലെ 18 മലകളെയാണ് പതിനെട്ട് പടികൾ പ്രതിനിധാനം ചെയ്യുന്നതെന്ന വിശ്വാസം പ്രബലമാണ്. ഇവിടെ ഓരോ പടിയിലും ഓരോ മലദൈവങ്ങളെ കുടിയിരുത്തിയിരിക്കുന്നു എന്നതാണ് സങ്കൽപ്പം. പതിനെട്ട് പുരാണങ്ങളാണ് ഇവയുടെ ആധാരമെന്ന് വേറൊരുപക്ഷം. കണ്ണ്, മൂക്ക്, നാക്ക്, ത്വക്ക്, ചെവി എന്നീ പഞ്ചേന്ദ്രീയങ്ങൾ ആദ്യത്തെ അഞ്ച് പടികളേയും തത്വം, കാമം, ക്രോധം, ലോഭം, മോഹം, മതം, മാത്സര്യം, അഹങ്കാരം എന്നീ അഷ്ടരാഗങ്ങൾ ആറ് മുതൽ 13വരെ പടികളേയും പ്രതിനിധീകരിക്കുന്നു. സത്വം, രജസ്, തമസ് എന്നീ ത്രിഗുണങ്ങൾ അടുത്ത മൂന്ന് പടികൾക്ക് ആധാരമാണ്. ജ്ഞാനവും വിദ്യയുമാണ് 17, 18 പടികളെന്ന വിശ്വാസവും ജ്ഞാനികൾക്കിയിൽ പ്രബലമാണ്.

തത്വങ്ങൾ പലവിധേന വ്യാഖ്യാനിക്കപ്പെടുമ്പോൾ പുണ്യമായ പതിനെട്ടാം പടിക്ക് പ്രാധാന്യവും മഹത്വവും ഏറുകയാണ്. ഈ പതിനെട്ട് പടികൾക്കും പ്രത്യകമായി നടത്തപ്പെടുന്ന പൂജയാണ് പടിപൂജ. ക്ഷേത്രത്തിനുള്ളിൽ അയ്യപ്പവിഗ്രഹത്തിൽ നടത്തുന്ന എല്ലാ അഭിഷേകങ്ങളും പൂജകളും ഇവിടെ മാറ്റമില്ലാതെ നടത്തപ്പെടുന്നു. നിലവിളക്ക്, പുഷ്പം, കലശം, ചന്ദനത്തിരി, പൂമാല, പൂജാദ്രവ്യങ്ങൾ, പട്ട്, കലശത്തുണി ഇവയാണ് പടിപൂജയ്ക്ക് ആവശ്യമായ പ്രധാന പൂജാസാധനങ്ങൾ.75,000 രൂപ മുതൽ ഒരുലക്ഷം രൂപവരെയാണ് പടിപൂജയുടെ നിരക്ക്. ശബരിമലയിലെ ഏറ്റവും ചെലവേറിയ വഴി

പാടും ഇതുതന്നെ. 2037വരെ ബുക്കിങ് ആയിക്കഴിഞ്ഞു.

**(പി.ആർ. ശബരി-376)**

# മകരമാസ പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്ര തിരുനട 21ന് അടയ്ക്കും

മകരമാസ പൂജകൾ പൂർത്തിയാക്കി ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്ര തിരുനട 21 ന് രാവിലെ 6 മണിക്ക് അടയ്ക്കും. അയ്യപ്പഭക്തർക്ക് 20-ാം തീയതി രാത്രി വരെ മാത്രമെ ദർശനം ഉണ്ടായിരിക്കുകയുള്ളൂ. 21 ന് പുലർച്ചെ 3 മണിക്ക് ക്ഷേത്ര ശ്രീകോവിൽ നട തുറക്കും. തുടർന്ന് ജലാഭിഷേകവും പാലഭിഷേകവും ഇളനീർ അഭിഷേകവും നടക്കും. തുടർന്ന് ഗണപതി ഹോമം. അതിനു ശേഷം ശബരിമല അയ്യപ്പ ശ്രീകോവിലിനു മുന്നിൽ നിന്നും തിരുമുറ്റത്തു നിന്നും എല്ലാപേരും,പന്തളം രാജപ്രതിനിധിക്ക് ദർശനം നടത്തുന്നതിനു വേണ്ടി ഒഴിഞ്ഞു കൊടുക്കണം. രാജപ്രതിനിധി ഉത്രം നാൾ പ്രദീപ് കുമാർ വർമ അയ്യപ്പദർശനം പൂർത്തിയാക്കിയാൽ ഉടൻ ഹരിവരാസനം പാടി ക്ഷേത്രനട അടയ്ക്കും. 19ന് രാവിലെ പന്തളം കൊട്ടാരം വക നെയ്യഭിഷേകം നടക്കും. ഉച്ചക്ക് 25 കലശാഭിഷേകം കഴിഞ്ഞാൽ ഉടൻ പന്തളം കൊട്ടാരവും ദേവസ്വം ബോർഡും ചേർന്നു നടത്തുന്ന കളഭാഭിഷേകം ഉണ്ടാകും. 19 ന് നെയ്യഭിഷേകം കഴിഞ്ഞാൽ പിന്നെ നട അടയ്ക്കുന്ന ദിവസം വരെ അയ്യപ്പസ്വാമിക്ക് നെയ്യഭിഷേകം ഉണ്ടാവില്ല. 19 ന് രാത്രി 9മണിക്ക് അത്താഴപൂജക്ക് ശേഷം മാളികപ്പുറം ക്ഷേത്രത്തിനു സമീപമുള്ള മണിമണ്ഡപത്തിൽ നിന്നും ശരംകുത്തിയിലേക്കുള്ള എഴുന്നെള്ളത്ത് നടക്കും. എഴുന്നെള്ളത്ത് തിരികെ വന്ന ശേഷം 10.50ന് ഹരിവരാസനം പാടി 11 മണിക്ക് ക്ഷേത്ര നട അടയ് ക്കും.

ജനുവരി 20ന് പുലർച്ചെ 3 മണിക്ക് നട തുറക്കും. രാത്രി 9ന് അത്താഴപൂജ കഴിഞ്ഞാൽ 9.50 ന് ഹരിവരാസന പാടി 10 മണിക്ക് നട അടക്കും. തുടർന്ന് മാളികപ്പുറത്ത് ഗുരുതി നടക്കും. 21 ന് ക്ഷേത്ര നട അടച്ച ശേഷം താക്കോലുമായി ക്ഷേത്ര മേൽശാന്തി പതിനെട്ടാംപടിയുടെ താഴെയെത്തി രാജ പ്രതിനിധിക്ക് താക്കോലും ക്ഷേത്ര നട വരവിന്റെ പണക്കിഴിയും കൈമാറും. അത് ഏറ്റുവാങ്ങിയ ശേഷം രാജപ്രതിനിധി ഒരു പണക്കിഴി അടുത്ത ഒരു വർഷത്തേക്കുള്ള ക്ഷേത്ര ചെലവുകൾക്കായി മേൽശാന്തിക്ക് തിരികെ നൽകും. ഇതോടെയാണ് ആചാര പ്രകാരമുള്ള ചടങ്ങുകളും പൂർത്തിയാവുക. കുംഭമാസ പൂജകൾക്കായി ക്ഷേത്രനട തുറക്കുന്നത് ഫെബ്രുവരി 13നാണ്.

**(പി.ആർ. ശബരി-377)**

# ശബരിമല നാളത്തെ(19-01-2020)ചടങ്ങുകൾ

| | |
|---|---|
| പുലർച്ചെ 2.45 ന് | പള്ളിയുണർത്തൽ |
| 3 മണിക്ക് | തിരുനട തുറക്കൽ |
| 3.05 ന് | നിർമ്മാല്യ ദർശനം |
| 3.10 ന് | അഭിഷേകം |
| 3.15 മുതൽ 7 മണി വരെ | നെയ്യഭിഷേകം |
| 3.30 ന് | ഗണപതിഹോമം |
| 7.30 ന് | ഉഷപൂജ |

തുടർന്ന് ഉദയാസ്തമന പൂജ

9 മണി മുതൽ 10 മണി വരെ നെയ്യഭിഷേകം തുടരും

| | |
|---|---|
| 11 ന് | കലശാഭിഷേകം |
| 11.45ന് | കളഭാഭിഷേകം |
| 12.30ന് | ഉച്ചപൂജ |
| 1 മണിക്ക് | ക്ഷേത്ര നട അടയ്ക്കും |
| വൈകിട്ട് 4 മണിക്ക് | തിരുനട തുറക്കൽ |
| 6.30ന് | ദീപാരാധന |
| 6.40 ന് | പടിപൂജ |
| 7ന് | പുഷ്പാഭിഷേകം |
| 9.00 ന് | അത്താഴപൂജ |

തുടർന്ന് മാളികപ്പുറത്ത് നിന്നുള്ള എഴുന്നെള്ളിപ്പ്

രാത്രി 10.50ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.